ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.11.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. പാമ്പുകടിയും അതുമൂലമുണ്ടാകുന്ന മരണങ്ങളും 'പ്രഖ്യാപിത രോഗ' വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   The Union Health Ministry asks states and Union Territories to make snakebite cases and deaths a 'Notifiable Disease'.

2. 2047-ഓടെ വികസിത ഇന്ത്യയെന്ന ലക്ഷ്യത്തിലെത്താനുള്ള ചാലകശക്തി സ്ത്രീകളായിരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   Women will be the driving force in achieving the goal of a developed India by 2047, says Union Finance Minister Nirmala Sitharaman.

3. കേരളത്തിൽ, അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടപ്പിക്കുമെന്നും മുഖ്യമന്ത്രി.

   Kerala CM Pinarayi Vijayan says strict action will be taken against government employees who wrongfully received welfare pensions, and the amount will be recovered with interest.

4. ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് രാത്രി പുതുച്ചേരിയിൽ കര തൊടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്;

തമിഴ്നാട്ടിൽ ഉൾപ്പടെ കനത്ത മഴ തുടരുന്നു; ചെന്നൈ വിമാനത്താവളം താൽക്കാലികമായി അടച്ചു.

Cyclone Fengal expected to make landfall in Puducherry tonight, says IMD; Heavy rain continues in Tamil Nadu; Chennai airport temporarily closed.

5. **സയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റ് വനിതാ സിംഗിൾസിൽ പി വി സിന്ധു ഫൈനലിൽ.**

   PV Sindhu reaches the final in Women's Singles at the Syed Modi International Badminton Tournament.

*****************************************

## PM ODISHA

ഒഡിഷയിലെ ഭുവനേശ്വറിൽ നടക്കുന്ന DGP, IG തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര സെക്രട്ടറി, CRPF, NSG, IB, SPG മേധാവിമാർ തുടങ്ങിയവർ മൂന്നു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ദേശീയ സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷാ തുടങ്ങിയ വിഷയങ്ങളാണ് സമ്മേളനം ചർച്ച ചെയ്യുക.

*************************************

## REV VP-CONCLAVE

വികസിത ഇന്ത്യ ഒരു സ്വപ്നമല്ലെന്നും വെല്ലുവിളി നിറഞ്ഞ ലക്ഷ്യമാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. രാഷ്ട്രം ഈ ലക്ഷ്യം ദൃഢനിശ്ചയത്തോടെ കൈവരിക്കുമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. വികസിത ഇന്ത്യ 2047: വിഷൻ ഓഫ് ന്യൂഇന്ത്യ 3.0 എന്ന പ്രമേയത്തെ ആസ്പദമാക്കി ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിക്ഷേപത്തിന്റെയും അവസരങ്ങളുടെയും മികച്ച ലക്ഷ്യസ്ഥാനം

ഇന്ത്യയാണെന്ന് അന്താരാഷ്ട്ര നാണ്യ നിധി അഭിപ്രായപ്പെട്ടിട്ടുള്ളതായും ശ്രീ ധൻഖർ വ്യക്തമാക്കി.

**************************************

# VP - ARUNACHAL

രാജ്യത്തെ ജനങ്ങൾ അർപ്പിച്ച വിശ്വാസം സംരക്ഷിക്കാനും ജനങ്ങളുടെ സ്വപ്നങ്ങൾ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഫലവത്താക്കാനും പാർലമെന്റംഗങ്ങളോട് ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. യുവാക്കൾ എല്ലാം നിരീക്ഷിക്കുന്നുണ്ടെന്നും അവർ ചോദ്യങ്ങൾ ഉന്നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. അരുണാചൽ പ്രദേശിലെ ദോയിമുഖിൽ രാജീവ് ഗാന്ധി സർവകലാശാലയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അരുണാചൽ നിയമസഭയുടെ പ്രത്യേക സമ്മേളനത്തെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു.

**************************************

HEADLINE-1

# GOVT-SNAKE BITE

പാമ്പുകടിയേൽക്കുന്നതും അതുമൂലമുണ്ടാകുന്ന മരണങ്ങളും 'പ്രഖ്യാപിത രോഗ' വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു. രോഗം നിർണ്ണയിച്ചു കഴിഞ്ഞാലുടൻ പൊതുജനാരോഗ്യ അധികൃതരെ അറിയിക്കേണ്ട രോഗമാണ് പ്രഖ്യാപിത രോഗങ്ങളുടെ പട്ടികയിൽപ്പെടുന്നത്. കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും അയച്ച കത്തിലാണ് നിർദ്ദേശം. 2030-ഓടെ, പാമ്പുകടി മൂലമുള്ള മരണങ്ങൾ പൂർണമായും തടയുന്നതിനുള്ള ദേശീയ കർമപദ്ധതി

മന്ത്രാലയം ആരംഭിച്ചതായി കേന്ദ്ര ആരോഗ്യ സെക്രട്ടറി അറിയിച്ചു.

*************************************

HEADLINE-2

## SITHAHRAMAN-BIHAR (INTRO)

2047-ഓടെ വികസിത ഇന്ത്യയെന്ന ലക്ഷ്യത്തിലെത്താനുള്ള ചാലകശക്തി സ്ത്രീകളായിരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ബീഹാർ മധുബനിയിലെ ഝഞ്ജർപൂരിൽ വായ്പാവിതരണ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. രാജ്യത്തിന്റെ വികസനം സ്ത്രീകൾ നയിക്കുന്ന വികസനമായിരിക്കണം എന്നത് പ്രധാനമന്ത്രിയുടെ സ്വപ്നമാണെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു.

(വോയിസ്........)

പരിപാടിയിൽ 50,000-ലധികം ഗുണഭോക്താക്കൾക്ക് 1,121 കോടിയിലധികം രൂപയുടെ അനുമതി പത്രങ്ങളും വായ്പയും കേന്ദ്ര ധനമന്ത്രി കൈമാറി. ജീവിക ദീദി പദ്ധതിയിൻ കീഴിലുള്ള സ്വയം സഹായ സംഘങ്ങളിലെ വനിതാ അംഗങ്ങളുമായി അവർ സംവദിച്ചു.

*************************************

## ASIAN DEVELOPMENT BANK

ഹോർട്ടിക്കൾച്ചർ കർഷകർക്ക് രോഗ ബാധയില്ലാത്ത കാർഷികവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 98 ദശലക്ഷം യു എസ് ഡോളർ വായ്പാകരാറിൽ കേന്ദ്ര സർക്കാരും ഏഷ്യൻ വികസന ബാങ്കും ഒപ്പുവച്ചു. സ്വകാര്യ നഴ്സറികൾ, ഗവേഷകർ, വിവിധ സംസ്ഥാന സർക്കാരുകൾ എന്നിവയും പദ്ധതി ആസൂത്രണത്തിന്റെ ഭാഗമാകും. കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പാർശ്വഫലങ്ങൾ തടയുന്നതിന് പദ്ധതി പ്രയോജനകരമാകുമെന്നും ധനകാര്യമന്ത്രാലയം പറഞ്ഞു.

**************************************

HEADLINE-3

## CM - PENSION

കേരളത്തിൽ, അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്ഷേമപെൻഷൻ ക്രമക്കേട് സംബന്ധിച്ച പ്രത്യേക യോഗത്തിലാണ് തീരുമാനം. തട്ടിപ്പുകാണിച്ചവർക്കെതിരെയും ഇതിനു സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെയും നടപടിയുണ്ടാകും. കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ധനവകുപ്പ് പരിശോധന തുടരാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

**************************************

## NEWBORN ALAPPUZHA

ഗർഭസ്ഥ ശിശുവിന്റെ വൈകല്യം കണ്ടെത്താത്ത സംഭവത്തിൽ ആലപ്പുഴയിലെ 2 സ്കാനിംഗ് സെന്ററുകളുടെ ലൈസൻസ് ആരോഗ്യവകുപ്പ് റദ്ദാക്കി. സ്ഥാപനങ്ങൾ പൂട്ടി സീൽ ചെയ്തു. നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ ആരോഗ്യ വകുപ്പിന്റെ പരിശോധനകൾ തുടരുന്നതിനിടെയാണ് നടപടി.

**************************************

## PRIYANKA - WAYANAD

വയനാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പാർലമെന്റിൽ ഉന്നയിക്കുമെന്ന് പ്രിയങ്ക ഗാന്ധി എംപി. വയനാട് ലോക്സഭ മണ്ഡല പര്യടനത്തിന്റെ ഭാഗമായി മുക്കത്ത് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ. രാത്രി യാത്ര നിരോധം, മനുഷ്യ വന്യജീവി സംഘർഷം, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് മുൻഗണന നൽകുമെന്നും ശ്രീമതി പ്രിയങ്ക പറഞ്ഞു. മുണ്ടക്കൈ ദുരന്തബാധിതർക്ക് വേണ്ടി എന്ത് ചെയ്യാൻ സാധിക്കുമെന്ന് പാർട്ടി ആലോചിക്കുന്നുണ്ടെന്ന് പരിപാടിയിൽ പങ്കെടുത്ത

ലോക്സഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി വ്യക്തമാക്കി.

****************************************

**HEADLINE-4**

## TN- CYCLONE

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് രാത്രി പുതുച്ചേരിയിൽ കര തൊടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്ടിൽ അതിതീവ്ര മഴ തുടരുകയാണ്. റോഡ്, റെയിൽ, വ്യോമ ഗതാഗതം തടസ്സപ്പെട്ടു. ചെന്നൈ സെൻട്രലിൽ നിന്ന് തിരുപ്പതിയിലേക്കുള്ള റെയിൽ സർവീസുകൾ ആവഡിയിൽ താൽക്കാലികമായി അവസാനിപ്പിച്ചു. കോയമ്പത്തൂർ, മൈസൂരു, മംഗളൂരു, ലോകമാന്യ തിലക് എന്നിവിടങ്ങളിൽ നിന്നുള്ള ട്രെയിനുകൾ തിരുവള്ളൂരിലും യാത്ര അവസാനിപ്പിച്ചു. പത്തിലേറെ ട്രെയിനുകളുടെ സമയം മാറ്റിയിട്ടുണ്ട്. ചെന്നൈ വിമാനത്താവളം നാളെ പുലർച്ചെ 4 മണി വരെ അടച്ചിടുമെന്ന് അധികൃതർ അറിയിച്ചു.

****************************************

**HEADLINE-4A**

## KERALA RAIN

കേരളത്തിലും അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. ആലപ്പുഴ മുതൽ മലപ്പുറം വരെയുള്ള ഏഴു ജില്ലകളിൽ നാളെ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തെക്കൻ കേരള തീരം, വടക്കൻ തമിഴ്നാട് - തെക്കൻ ആന്ധ്രാപ്രദേശ് തീരങ്ങൾ, കന്യാകുമാരി മേഖല തുടങ്ങിയ ഇടങ്ങളിൽ ഇന്ന് മത്സ്യബന്ധനം വിലക്കി.

****************************************

**HEADLINE-5**

## REV DAY BADMINTON

സയ്ദ് മോദി ഇന്ത്യ അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റ് വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി വി സിന്ധു ഫൈനലിൽ. ലക്ക്നൗവിൽ നടന്ന മത്സരത്തിൽ ഇന്ത്യയുടെ തന്നെ ഉന്നതി ഹൂഡയെ ആണ് സിന്ധു പരാജയപ്പെടുത്തിയത്. തായ്‌ലൻഡ് ജോഡിയെ തോൽപ്പിച്ച് ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് പുല്ലേല സഖ്യം വനിതാ ഡബിൾസ് ഫൈനലിൽ കടന്നു. പുരുഷന്മാരുടെ മിക്സഡ് ഡബിൾസിൽ ചൈനീസ് സഖ്യത്തെ പരാജയപ്പെടുത്തി ഇന്ത്യയുടെ ധ്രുവ് കപില - ടാനിഷ ക്രസ്റ്റോ സഖ്യവും ഫൈനലിലെത്തി. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും പ്രിയാൻഷു രജാവത്തും സെമി പോരാട്ടത്തിനായി ഇന്ന് കളത്തിലിറങ്ങും.

************************************

## UNDER 19 ASIA CUP

അണ്ടർ 19 ഏഷ്യാ കപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് 43 റൺസിന്റെ തോൽവി. 282 റൺ വിജയലക്ഷ്യം പിന്തുടർന്ന് ഇറങ്ങിയ ഇന്ത്യയ്ക്ക് 47.1 ഓവറിൽ 238 റൺ മാത്രമേ നേടാനായുള്ളൂ. തിങ്കളാഴ്ച ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഇന്ത്യ - ജപ്പാനെ നേരിടും.

************************************

## CHAMPIONS TROPHY

2025 ലെ ചാമ്പ്യൻസ് ട്രോഫിക്കായി ഇന്ത്യൻ ടീം പാകിസ്ഥാനിലേക്കില്ലെന്ന് ബിസിസിഐ അറിയിച്ചതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. ഗുരുതര സുരക്ഷ ആശങ്കകൾ നില നിൽക്കുന്ന സാഹചര്യത്തിലാണ് തീരുമാനമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു.

************************************

## VAISHNAW-GUJARAT (INTRO)

ഗുജറാത്തിലെ സൂറത്തിൽ ബുള്ളറ്റ് ട്രെയിൻ ട്രാക്ക് സ്ലാബ് നിർമാണകേന്ദ്രം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് സന്ദർശിച്ചു. ഒരു ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിൽ എത്തിയതായിരുന്നു അദ്ദേഹം. വരും വർഷങ്ങളിൽ നിർമ്മാണകേന്ദ്രം രാജ്യത്തെ വിവിധ നിർമ്മാണ പദ്ധതികൾക്ക് ഏറെ ഗുണം ചെയ്യുമെന്ന് ശ്രീ വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്.....)

വഡോദരയിലെ പ്ലാസർ ഇന്ത്യ ഫാക്ടറിയിലും കേന്ദ്രമന്ത്രി സന്ദർശനം നടത്തി.

****************************************

## EPFO

-കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ഇ പി എഫ് ഒ - സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസിൻറെ 236-ാമത് യോഗം ന്യൂ ഡൽഹിയിൽ ചേർന്നു. പലിശ കണക്കുകൂട്ടൽ, നിക്ഷേപ മാനദണ്ഡങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ചയായി. തൊഴിൽദാതാക്കൾക്കും തൊഴിലാളികൾക്കും പ്രയോജനപ്രദമാകുന്ന നവീന ആശയങ്ങൾ നടപ്പിലാക്കാനും ധാരണയായി.

****************************************

## MAHA-NEW CM

മഹാരാഷ്ട്രയിൽ പുതിയ മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ ഡിസംബർ അഞ്ചിന് ആസാദ് മൈതാനിയിൽ നടക്കുമെന്ന് ബിജെപി - ശിവസേന വൃത്തങ്ങൾ അറിയിച്ചു. അടുത്ത മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന്റെ ഭാഗമായി മഹായുതി സഖ്യ നേതാക്കൾ മുംബൈയിലും ഡൽഹിയിലും യോഗങ്ങൾ സംഘടിപ്പിച്ചു.

*

*************

**************************************